Draft #17 of File ADA8/4/Pension/IT AF/2019 Approved by Registrar on 21-Nov-2022 09:28 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

നമ്പർ. ADA8/4/Pension/IT AF/2019 തീയതി: 21.11.2022

പ്രിയദർശിനി ഹിൽസ്

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

**<u>സർക്കുലർ</u>**

വിഷയം:- സർവകലാശാല പെൻഷനർമാരുടെ 2022-2023 സാമ്പത്തിക വർഷത്തെ ആദായ നികുതി വാർഷിക കണക്കുകളുടെ സമർപ്പണം (അന്തിമം) - സ്രോതസ്സിൽ നിന്നും നികുതി കിഴിവ് നടത്തുന്നത് സംബന്ധിച്ച് :-

സൂചന :- 24.05.2022 തീയതിയിലെ ADA8/4/Pension/IT AF/2019 നമ്പർ പരിപത്രം.

മഹാത്മാഗാന്ധി സർവകലാശാലയിലെ പെൻഷനർമാരുടെ 2022-2023 സാമ്പത്തിക വർഷത്തെ സ്രോതസ്സിൽ നിന്നും ഈടാക്കേണ്ട ആദായ നികുതി കണക്കാക്കുന്നതിനായുള്ള അന്തിമ കമ്പ്യൂട്ടേഷൻ സ്റ്റേറ്റ്മെൻറ് ഫോറം ഔദ്യോഗിക വെബ്സൈറ്റായ **www.mgu.ac.in** -ലെ 'Circulars' എന്ന ലിങ്കിലും Pensioners' Portal -ഉം ലഭ്യമാണ്.

എല്ലാ സർവകലാശാല പെൻഷനർമാരും പ്രസ്തുതഫോറത്തിൽ ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തി ആയതിൻറെ **ഹാർഡ്കോപ്പി** നടപ്പ സാമ്പത്തിക വർഷത്തെ സേവിങ്സ് സംബന്ധമായ കണക്കുകൾ സഹിതം **രജിസ്ട്രാർ, മഹാത്മാഗാന്ധി സർവകലാശാല, പ്രിയദർശിനി ഹിൽസ്** P.O., **കോട്ടയം - 686560** എന്ന വിലാസത്തിൽ **2022 ഡിസംബർ 20**-ന് മുൻപായി അയച്ചുതരേണ്ടതാണ്. കണക്കുകളുടെ കൃത്യത ഉറപ്പാക്കുന്നതിന് പ്രസ്തുത ഫോറത്തിന്റെ രണ്ടാം ഷീറ്റിലെ വിവരങ്ങൾ ആദ്യം തന്നെ പൂരിപ്പിക്കാൻ ശ്രദ്ധിക്കുക.

**<u>ആദായ നികുതി വിവരങ്ങളുടെ സമർപ്പണവുമായി ബന്ധപ്പെട്ട് പാലിക്കേണ്ട നിബന്ധനകൾ</u>**

1. 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെ ലഭിച്ചതും ലഭിക്കാനുള്ളതുമായ പെൻഷൻ, ക്ഷാമാശ്വാസ കുടിശ്ശിക, പെൻഷൻ പരിഷ്കരണ കുടിശ്ശിക (ഈ സാമ്പത്തിക വർഷം നിലവിൽ വിതരണം ചെയ്ത രണ്ടു ഗഡുക്കൾ + വിതരണം ചെയ്യുന്ന മൂന്നാം ഗഡു), മറ്റേതെങ്കിലും ഇനത്തിൽ ശമ്പളമായോ കുടിശികയായോ ലഭിച്ച തുക എന്നിവ കണക്കുകൾ തയ്യാറാക്കുമ്പോൾ ഉൾപ്പെടുത്തേണ്ടതാണ്.
2. ആദായ നികുതി കിഴിവിലേക്കായി സമർപ്പിക്കുന്ന അനുബന്ധ രേഖകൾ നിയമപരമായി അംഗീകാരമുള്ളതാണെന്നു പെൻഷനർമാർ ഉറപ്പുവരുത്തേണ്ടതാണ്.
3. ഭവന നിർമ്മാണ വായ്പാ കിഴിവുകൾ ആവശ്യമുള്ളവർ അംഗീകൃത വായ്പകളുടെ തിരിച്ചടവിൻറെയും പലിശയുടെയും വേർതിരിച്ച കണക്കുകൾ വായ്പ നൽകിയ സ്ഥാപനത്തിൽ നിന്നും വാങ്ങി നികുതി കണക്കുകളോടൊപ്പം സമർപ്പിക്കേണ്ടതാണ്. ഗൃഹത്തിന് മേലുള്ള നികുതിദായകരുടെ അവകാശം

സ്ഥാപിക്കുന്നതിനുള്ള രേഖകളും (തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഒടുക്കിയ കെട്ടിട നികുതിയുടെ രസീത് പകർപ്പ് / പൂർത്തീകരണ സാക്ഷ്യപത്രത്തിൻറെ പകർപ്പ്) ഇതോടൊപ്പം സമർപ്പിക്കേണ്ടതാണ്. വായ്പ നൽകിയ സ്ഥാപനത്തിൻറെ PAN നമ്പർ സഹിതമുള്ള വിവരങ്ങൾ ബാധകമായ കോളത്തിൽ രേഖപ്പെടുത്തേണ്ടതാണ് .

4. രണ്ടു രീതിയിൽ കണക്കുകൾ സമർപ്പിക്കുന്നതിന് ആദായനികുതി വകുപ്പ് അനുവാദം നൽകിയിട്ടുണ്ട്. .

*(i) 2019* ഫിനാൻസ് ആക്റ്റ് *(OLD SCHEME)*

*(ii) 2020* ഫിനാൻസ് ആക്റ്റ് - റൂൾ *115 BAC (NEW SCHEME)*

പെൻഷനർമാർ ഇതിൽ ഏതെങ്കിലും ഒന്നു മാത്രം തെരഞ്ഞെടുക്കേണ്ടതും ആയത് കമ്പ്യൂട്ടേഷൻ സ്റ്റേറ്റ്മെന്റിന്റെ ബാധകമായ കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്.

**ഡോ.പ്രകാശ് കുമാർ .ബി**

രജിസ്ട്രാർ

സ്വീകർത്താവ്

(1) എല്ലാ പെൻഷനർമാരും

(2) വി.സി./പി.വി.സി. എന്നിവരുടെ പി.എസ്. മാർ

(3) രജിസ്ട്രാർ/എഫ്.ഒ./സി.ഇ. എന്നിവരുടെ പി.എ. മാർ

(4) പി.ആർ.ഒ./സി.എം.എസ്./ഡയറക്ടർ, ഐ.ടി.സെൽ

(5) റെക്കോർഡ്സ്, സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി

Draft #17 of File ADA8/4/Pension/IT AF/2019 Approved by Registrar on 21-Nov-2022 09:28 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം